**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2315** **01-09-2022 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് വ്യാപാരം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കണ്ടെടുക്കുന്ന കേസുകളുടെ എണ്ണവും, പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവും പരിശോധിക്കുമ്പോൾ സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരം വർദ്ധിച്ചുവരുന്നതായി കാണുന്നു. |
| (ബി) | സ്കൂൾ കുട്ടികളിൽ മയക്കുമരുന്ന് എത്തിക്കുന്നതായും കുട്ടികളെ മയക്കുമരുന്ന് വിതരണത്തിന് ഉപയോഗിക്കുന്നതായുമുള്ള റിപ്പോർട്ടുകൾ പ്രത്യേകം പരിശോധിക്കുമോ; | (ബി) | സ്കൂൾ കുട്ടികളിൽ മയക്കുമരുന്ന് എത്തിക്കുന്നതായും, കുട്ടികളെ മയക്കുമരുന്ന് വിതരണത്തിന് ഉപയോഗിക്കുന്നതായുമുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് നിയമനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മയക്കുമരുന്ന് വിതരണം ചെയ്യുന്നവരിൽ പലരും പിടികൂടപ്പെടുന്നുവെങ്കിലും സംസ്ഥാനത്തിലേക്ക് മയക്കുമരുന്ന് എത്തിക്കുന്ന വൻകിട ലോബികളെയും ഏജന്റ്മാരെയും കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; | (സി) | നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മയക്കുമരുന്ന് വിതരണം ചെയ്യുന്നവരെ പിടികൂടി അവരുടെ കാൾ ഡാറ്റാ റെക്കോർഡ് പരിശോധിച്ച് ലഹരി കടത്തുകാരുടെ കണ്ണികൾ കണ്ടെത്തി കേസുകളിൽ പ്രതികളായി ഉൾപ്പെടുത്തി നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | മയക്കുമരുന്ന് ലോബികൾക്ക് സംസ്ഥാനത്തെ ഏതെങ്കിലും വകുപ്പിലെ ഉദ്യോഗസ്ഥതലത്തിൽ നിന്ന് സഹായം ലഭിക്കുന്നുണ്ടോ എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഇല്ല. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ